## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 273

12-10-2011 ൽ മറുപടിയ്ക്ക്

## മഹിളാ കിസാൻ ശാക്തീകരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഹൈബി ഈഡൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) മഹിളാ കിസാൻ ശാക്തീകരണ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) മഹിളാ കിസാൻ ശാക്തീകരണ പദ്ധതി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. കുടുംബശ്രീ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിന്റെ ഭക്ഷ്യ-പോഷക സുരക്ഷയും തൊഴില്ലായ്മ പരിഹരിക്കുകയും ലക്ഷ്യമാക്കി സ്ത്രീകർഷക ശാക്തീകരണം വഴി ദാരിദ്ര്യ നിർമ്മാർജ്ജനം പൂർണ്ണമായും നടപ്പിലാക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് എം.കെ.എസ്.പി. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിയുടെ (എൻ.ആർ.എൽ.എം) ഉപപദ്ധതിയാണ് മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി.). വനിതാ കർഷകരെ ശാക്തീകരിച്ച് ഭക്ഷ്യപോഷക സുരക്ഷ ഉറപ്പുവരുത്തുക, തൊഴിലില്ലായ്മ പരിഹരിക്കുക, തരിശുനിലം കൃഷിയോഗ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. രണ്ടു പദ്ധതികളാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. ഒരു പദ്ധതി ഇപ്പോൾ നിലവിലുള്ള കുടുംബശ്രീ സംഘകൃഷി പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നു. 1,50,000 കുടുംബശ്രീ വനിതാ കർഷകർ അടങ്ങുന്ന 30,000 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് സാങ്കേതിക അറിവ് നൽകി 24,000 ഹെക്ടർ ഭൂമി കൃഷി ചെയ്യുവാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. രണ്ടാമത്തെ പദ്ധതി സ്ത്രീകളുടെ ലേബർ ബാങ്ക് പദ്ധതിയാണ്. ഈ പദ്ധതി തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിക്ക് കേന്ദ്ര സഹായമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) യും (സി) യും | സംഘകൃഷി പ്രോജക്ടിന്റെ ആകെ അടങ്കൽ തുക 79.9 കോടി രൂപയാണ്. ഇതിൽ 36.145 കോടി രൂപ കേന്ദ്ര സർക്കാരിന്റെ എം.കെ.എസ്.പി ഫണ്ടിൽ നിന്നുമാണ് അനുവദിച്ചിട്ടുള്ളത്. ലേബർ ബാങ്ക് പ്രോജക്ടിന്റെ ആകെ അടങ്കൽ തുക 60.62 കോടി രൂപയാണ്. ഇതിൽ 30.28 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതമാണ്. |
| (സി) | എത്ര കോടി രൂപയാണ് ഇതിന്റെ നടത്തിപ്പിന് വേണ്ടി വാഗ്ദാനം ചെയ്തിരിക്കുന്നത്; | | |
| (ഡി) | എത്ര ലക്ഷം സ്ത്രീകൾക്കാണ് പദ്ധതി വഴി പരിശീലനം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | സംഘകൃഷി പദ്ധതിയിൽ 10,000 മാസ്റ്റർ കർഷകരിലൂടെ 1,50,000 സ്ത്രീകൾക്ക് പരിശീലനം ലഭിക്കുന്നു. ലേബർ ബാങ്ക് പദ്ധതിയിലൂടെ 30,000 സ്ത്രീകർഷകർക്ക്/ സ്ത്രീകർഷക തൊഴിലാളികൾക്ക് പരിശീലനം നൽകുന്നു. |

സെക്ഷൻ ഓഫീസർ